ഉത്തരം

(എ) ആർ ആന്റ് ബി വിഭാഗത്തിൽ 31-12-2000-ലെ കണക്കനുസരിച്ച് 614.09 കോടി രൂപയും 31-1-2001-ലെ കണക്കനുസരിച്ച് കെട്ടിട വിഭാഗത്തിൽ 100.71 കോടി രൂപയും കോൺട്രാക്ടർമാർക്ക് കൊടുത്തു തീർക്കുവാനുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.* മറ്റു വിഭാഗങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശികത്തുക കൊടുത്തു തീർക്കാനാണുദ്ദേശിക്കുന്നത്.

ഗവൺമെന്റ് കാർട്ടേഴ്സിൽ ജലവിതരണം നടത്തുന്ന ജീവനക്കാർക്ക് കുടിശ്ശിക വേതന തുക നൽകാൻ നടപടി

124 (716) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത പൂജപ്പുര രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സിൽ ജലവിതരണം നടത്താനുള്ള ഉത്തരവാദിത്വം ആർക്കാണ് ; അതിനുവേണ്ടി എത്ര പമ്പുകളും ഓവർഹെഡ് ടാങ്കുകളും നിർമ്മിച്ചിട്ടുണ്ട് ;

(ബി) ഓവർ ഹെഡ് ടാങ്കുകളിലേക്ക് വെള്ളം പമ്പുചെയ്യുന്നതിനും വിതരണത്തിന് യഥാസമയം വാൽവുകൾ തുറക്കുന്നതിനുമായി എത്ര ജീവനക്കാരെ ഇവിടെ നിയമിച്ചിട്ടുണ്ട്; അവർ ആരെല്ലാം ; ഇവരെ മാസ ശമ്പളക്കാരായാണോ ഡെയിലി വേജസിലാണോ നിയമിച്ചിട്ടുള്ളത് ; ഇവരുടെ വേതനം എത്ര ; ഇവർക്ക് വേതനം നൽകിയിട്ട് എത്ര കാലമായി ; ഇവർക്ക് ഈ കാലം മുഴുവൻ വേതനം നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) വേതനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇവർ നിവേദനം നൽകിയിട്ടുണ്ടോ ; അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(ഡി) അവരുടെ കുടിശ്ശിക വേതനം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരത്ത് പൂജപ്പുര രാജീവ് നഗർ ഗവ: ക്വാർട്ടേഴ്സിൽ ജലവിതരണം നടത്താനുള്ള ഉത്തരവാദിത്വം തിരുവനന്തപുരം ബിൽഡിംഗ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് പൊതുമരാമത്ത് വകുപ്പ് രണ്ടു പമ്പുകളും ഒരു ഓവർഹെഡ് ടാങ്കും നിർമ്മിച്ചിട്ടുണ്ട്.

(ബി) ഒരു ദിവസത്തേക്ക് 112 രൂപ നിരക്കിൽ ഡെയ്ലി വേജസിൽ താഴെപ്പറയുന്ന 6 പേർ രണ്ടു ഷിഫ്റ്റായി ജോലി ചെയ്യുന്നുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

1. രത്നാകരൻ കെ.
2. ഹബീബ്.എം
3. ഗോപകുമാർ. ആർ.സി.
4. സുനിൽകുമാർ. എസ്
5. ഉണ്ണിക്കൃഷ്ണൻ. എൻ.
6. സുബാഷ്.

പതിമൂന്നു മാസമായിട്ട് ഇവർക്ക് വേതനം നൽകുന്നില്ല. ക്വാർട്ടേഴ്സ് മെയ്ന്റനൻസിനുള്ള 2216-01-106-97 എന്ന ശീർഷകത്തിൽ നിന്നാണ് ഇവർക്ക് ശമ്പളം നൽകി വരുന്നതെന്നതിനാൽ പ്രസ്തുത ഹെഡിൽ നിന്ന് ലറ്റർ ഓഫ് ക്രഡിറ്റ് ലഭിക്കുന്നതിനുള്ള കാലതാമസമാണ് കാരണം. ലറ്റർ ഓഫ് ക്രഡിറ്റ് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികളെടുത്തിട്ടുണ്ട്.

(സി & ഡി) ഉണ്ട്. എത്രയും വേഗം കുടിശ്ശിക തുക നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ ടാറിന്റെ ദൗർലഭ്യം

125 (717) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടാറിന്റെ ദൗർലഭ്യം കാരണം സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണത്തിലോ മെയിന്റനൻസിലോ എന്തെങ്കിലും തടസ്സം നേരിട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ജില്ലകളിൽ ;

(ബി) ടാറിന്റെ ദൗർലഭ്യത്തിന് കാരണം വ്യക്തമാക്കാമോ ; ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് ടാർ ലഭിക്കുന്നത് ;

(സി) ഈ സ്ഥാപനങ്ങൾക്ക് ടാറിന്റെ വില നൽകുന്നതിൽ കുടിശ്ശികയുണ്ടോ ; എങ്കിൽ എത്ര ;

(ഡി) ടാർ യഥേഷ്ടം ലഭിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കാമോ ;

(ഇ) 2000 ജനുവരി മുതൽ ഡിസംബർ വരെ ടാർ ലഭിച്ചതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തടസ്സം നേരിട്ടിട്ടില്ല. അല്പം കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടാറിന്റെ ദൗർലഭ്യം ഉണ്ടായിരുന്നില്ല. ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ എന്നീ കമ്പനികളിൽ നിന്നാണ് ടാർ ലഭിക്കുന്നത്. ടി കമ്പനികൾക്ക് കുടിശ്ശിക തുക കൊടുത്തു തീർക്കുവാനുള്ളതുകൊണ്ട് അവർ ടാർ നൽകുവാൻ ശുഷ്കാന്തി കാട്ടിയിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly